പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 7 28/06/2016 ൽ മറുപടിക്ക്

## സർക്കാർ ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങൾ

| ചോദ്യം<br>**ശ്രീ.കെ.വി.വിജയദാസ്**<br>**ശ്രീ. എം. രാജഗോപാലൻ**<br>**ശ്രീ.കെ. ദാസൻ**<br>**ശ്രീ.വി. അബ്ദുറഹിമാൻ** | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ താലൂക്ക്, ജനറൽ, ജില്ലാ ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങൾ അപര്യാപ്തമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത ആശുപത്രികളിൽ ആധുനിക രോഗ നിർണ്ണയ സൗകര്യവും ചികിത്സയ്ക്കും വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | ഈ ആശുപത്രികളിൽ ആധുനിക രോഗനിർണ്ണയത്തിനും ചികിത്സക്കും വേണ്ട ഉപകരണങ്ങൾ അടക്കമുള്ള അടിസ്ഥാന സൗകര്യങ്ങൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | ഇത്തരം ആശുപത്രികളിൽ ക്യാൻസർ ചികിത്സ,ഡയാലിസിസ് സൗകര്യങ്ങൾ മുതലായവ ഉറപ്പുവരുത്തുവാൻ ഉദ്ദേശി-ക്കുന്നുണ്ടോ; വിശദമാക്കാമോ? | (സി) | ആരോഗ്യവകുപ്പിലെ വിവിധ വിഭാഗം ആശുപത്രികളിൽ എല്ലാ ജില്ലകളിലുമായി 35 ഡയാലിസ്സിസ് യൂണിറ്റുകളും 12 ജില്ലകളിലെ പ്രധാന ആശുപത്രികളിൽ കീമോതെറാപ്പി ചികിത്സാ സൗകര്യവും നിലവിലുണ്ട്. ഇത്തരം സൗകര്യങ്ങൾ നിലവിലില്ലാത്ത പ്രധാന ആശുപത്രികളിൽ ഘട്ടംഘട്ടമായി ഡയാലിസിസ് യൂണിറ്റ്, കീമോതെറാപ്പി ചികിത്സാ സൗകര്യം എന്നിവ വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ